## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.829 11.06.2014-ൽ മറുപടിക്ക്

### വെസ്റ്റ് എളേരി കടിവെള്ള പദ്ധതിയുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ. | കാസർ ഗോഡ് ജില്ലയിൽ പതിനഞ്ച് കോടിയോളം രൂപ ചെലവിൽ പ്രവർത്തനം ആരംഭിച്ച വെസ്റ്റ് എളേരി (ഭീമനടി) കടിവെള്ള പദ്ധതിയിൽ നിന്ന് വെള്ളം ലഭിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ. | കാസർ ഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി കടിവെള്ള പദ്ധതി 2011 ൽ പൂർത്തീകരിച്ച് വെള്ളം ഇപ്പോൾ വിതരണം ചെയ്യുന്നുണ്ട്. 120 ഓളം പൊതു ടാപ്പുകൾ വഴിയും 215 വാട്ടർ കണക്ഷനുകൾ നൽകിയും വെള്ളം പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. ഇത് മൊത്തം വിതരണ ശൃംഖലയുടെ ഏകദേശം 70 ശതമാനം വരുന്നുണ്ട്. പദ്ധതി പ്രദേശങ്ങൾ വളരെ ഉയർച്ച താഴ്ചകൾ ഉള്ളതിനാൽ വെള്ളം വിതരണം ചെയ്യുന്നതിന് ചില തടസ്സങ്ങൾ നേരിടുന്നുണ്ട്. മാത്രവുമല്ല ജലസ്രോതസ്സായ മാങ്ങോട്ടു പുഴയിൽ പമ്പിംഗ് സ്റ്റേഷനടുത്തായി സ്ഥിരം തടയണ ഇല്ലാത്തതിനാൽ വേനൽക്കാലത്ത് താൽക്കാലിക തടയണ നിർമ്മിച്ച് ജലം സംരക്ഷിക്കുന്നുണ്ട്. സ്ഥിരം തടയണ നിർമ്മിക്കുന്നതിന് 3 കോടി രൂപ അടങ്കൽ തുകയുള്ള ഒരു പ്രൊപ്പോസൽ SLSSC യുടെ പരിഗണനയിലാണ്. |
| ബി. | പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുമ്പോൾ ആവശ്യമായ ശുദ്ധജല ലഭ്യത കണക്കിലെടുക്കാതെ പദ്ധതി ആരംഭിച്ച വകുപ്പ് ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | ബി. | പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുമ്പോൾ ആവശ്യമായ ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സ്ഥിരമായ ഒരു തടയണ നിർമ്മിക്കുന്നതിലൂടെ പദ്ധതിക്ക് ആവശ്യമായ ജലം ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ